# കേരളസർവകലാശാല

നം.പി.ആർ.100/2021

## പത്രക്കുറിപ്പ്

### മാർക്ക് ലിസ്റ്റ് കൈപ്പറ്റണം

കേരളസർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം വർഷ ബി.ബി.എ (ആന്വൽ സ്കീം- പ്രൈവറ്റ് രജിസ്ട്രേഷൻ) റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകൾ അതത് പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും വിദ്യാർത്ഥികൾക്ക് കൈപ്പറ്റാവുന്നതാണ്. പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ സമർപ്പിക്കാത്ത വിദ്യാർത്ഥികൾ അത് സെക്ഷനിൽ സമർപ്പിച്ച് മാർക്ക് ലിസ്റ്റ് കൈപ്പറ്റേണ്ടതാണ്.

### പരീക്ഷ രജിസ്ട്രേഷൻ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല നടത്തുന്ന ആറാം സെമസ്റ്റർ എം.ബി.എൽ, മൂന്നാം സെമസ്റ്റർ ബി.ടെക്ക് (2008 സ്കീം മേഴ്സി ചാൻസ്), ഒന്നാം സെമസ്റ്റർ എം.പി.ഇ (2020 സ്കീം റഗുലർ), അവസാന വർഷ എം.പി.ഇ. (റഗുലർ,സപ്ലിമെന്ററി) എന്നീ പരീക്ഷകൾക്ക് തപാൽ വഴി അപേക്ഷിക്കുവാനുള്ള തീയതികൾ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### ക്യാഷ് കൗണ്ടർ പ്രവർത്തനം ഉച്ച വരെ

കേരളസർവകലാശാലയുടെ ആലപ്പുഴ, കാര്യവട്ടം, പാളയം ക്യാഷ് കൗണ്ടറുകളുടെ പ്രവർത്തനം കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇനി ഒരു അറിയിപ്പ് വരുന്നത് വരെ പ്രവർത്തി ദിനങ്ങളിൽ രാവിലെ 10.15 മുതൽ ഉച്ചക്ക് 12.30 വരെയായി (ആലപ്പുഴയിൽ ഒരു മണി വരെ) ക്രമപ്പെടുത്തി. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ പണമൊടുക്കുവാനുള്ള സൗകര്യം സർവകലാശാലയുടെ വെർച്വൽ ടോക്കൺ സിസ്റ്റം വഴി രജിസ്റ്റർ ചെയ്ത മുന്നൂറു പേർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. രജിസ്റ്റർ ചെയ്ത വ്യക്തിക്ക് മാത്രമേ ഹാളിൽ കടക്കുവാൻ അനുമതിയുള്ളു. കൂട്ടംകൂടുവാൻ അനുവദിക്കില്ല. ഓൺലൈൻ വഴിയുള്ള സേവനം പരമാവധി ഉപയോഗിക്കേണ്ടതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല ഒക്ടോബറിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ആർക്ക്. സപ്ലിമെന്ററി പരീക്ഷാഫലം (2013 സ്കീം) പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
05.05.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**